**ശ്ലീഹാക്കാലം അഞ്ചാം ഞായർ**

**ലൂക്കാ 12:22-34**

## മനുഷ്യന്റെ ആകുലതയും ദൈവത്തിന്റെ കരുതലും

**റവ.ഫാ. പ്രസാദ് കുരിശുങ്കൽ സിഎസ്റ്റി**

മനുഷ്യന്റെ ആകുലതകളെക്കുറിച്ച് ഓർമ്മപ്പെടുത്തിക്കൊണ്ടാണ് ഇന്നത്തെ തിരുവചനം ആരംഭിക്കുന്നത്. എന്തു ഭക്ഷിക്കും എന്തു ധരിക്കും എന്നത് മനുഷ്യന്റെ ആകുലതകളാണെങ്കിൽ ദൈവത്തിന് അവ ആകുലതകളല്ല. അതിന്റെ കാരണം യേശു പറയുന്നത് മനുഷ്യന്റെ ആകുലതകൾക്ക് ഉപരിയാണ് ദൈവത്തിന്റെ കരുതലും സംരക്ഷണവും. യേശു സംസാരിക്കുന്നത് ദൈവത്തിന്റെ കരുതലിനെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചുമാണ്. മനുഷ്യൻ രൂപപ്പെടുത്തുന്ന സംരക്ഷണത്തിനും കരുതലിനും പരിമിതികൾ ധാരാളം ഉണ്ടെന്ന് ബോധ്യപ്പെടുത്താൻ കൂടി യേശു ശ്രമിക്കുന്നുണ്ട്.

മനുഷ്യന്റെ ആകുലതകളുടെ മുകളിൽ ദൈവം അവനുവേണ്ടി തയ്യാറാക്കിയിരിക്കുന്ന കരുതൽ ഉൾക്കൊള്ളാൻ സാധിക്കണമെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഇതിൽ പലപ്പോഴും നാം പരാജയപ്പെടുന്നുണ്ടെന്നുള്ളതാണ് സത്യം. ദൈവത്തിന്റെ കരുതലും സംരക്ഷണവും വിസ്മരിക്കപ്പെടുന്ന വേളയിൽ ഉണ്ടാകുന്ന കാര്യമാണ് ആകുലത. ഈ ആകുലതയ്ക്ക് കാര്യമായ ഒന്നും ജീവിതത്തിൽ ചെയ്യുവാനില്ല എന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കുന്നില്ല. ഇത് മനസ്സിലാക്കിത്തരാൻ ശ്രമിക്കുകയാണ് യേശു. അതിനുവേണ്ടി എന്തു ചെയ്യണമെന്നാണ് യേശു നമ്മെ പഠിപ്പിക്കുന്നത്. എളുപ്പത്തിൽ ഈ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി പ്രകൃതിയിൽ നിന്ന് ഉദാഹരണങ്ങൾ അവതരിപ്പിച്ചാണ് യേശു കാര്യം അവതരിപ്പിക്കുന്നത്. ജീവിതം വളരെ സങ്കീർണമാണ് എന്ന ചിന്തയുള്ള മനുഷ്യനോട് യേശു പ്രകൃതിയിലെ വളരെ ലളിതമായ കാര്യങ്ങളുടെമേൽ ദൈവം പുലർത്തുന്ന ശ്രദ്ധയെക്കുറിച്ച് സംസാരിക്കുന്നു. ഈ കരുതലാണ് ദൈവം മനുഷ്യനുവേണ്ടി കാത്തുസൂക്ഷിച്ചു വച്ചിരിക്കുന്നത്.

ദൈവത്തിന്റെ കരുതലിന്റെ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ചില കാര്യങ്ങൾ ഉണ്ട് എന്നുള്ളതാണ് അതിലെ പ്രധാനപ്പെട്ട തലം. ദൈവത്തിന്റെ മുമ്പിൽ മനുഷ്യർ എത്രയോ വിലപ്പെട്ടവരാണ് എന്നുള്ള ചിന്തയും വിശ്വാസവും ബോധവുമാണ് ആദ്യം ഉണ്ടാകേണ്ടത്. ഇത് നമുക്ക് ഇല്ലായെന്നുള്ളതാണ് നമ്മുടെ പരാജയം. നാം വിലപ്പെട്ടതായി കരുതുന്നവർക്ക് ദൈവം അത്ര വില നല്കിയിട്ടില്ല. അതുകൊണ്ട് ദൈവം നമ്മുടെ ജീവിതത്തെ വിലപ്പെട്ടതായി കരുതുന്നതുപോലെ മറ്റുള്ളവരെ നാം വിലപ്പെട്ടവരായി കരുതി ജീവിക്കാനുള്ളതാണ് ഈ ജീവിതം. നാം വില നല്കി സൂക്ഷിക്കുന്ന പലതിനും ദൈവത്തിന്റെ മുമ്പിൽ വിലയില്ലാത്തതുകൊണ്ട് അത് നിത്യരക്ഷയ്ക്ക് ഉപകരിക്കുന്നില്ല. അതിനാൽ തിരുവചനത്തിന്റെ അവസാനഭാഗത്ത് യേശു നമ്മോടു പറയും, നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും. ഈ നിക്ഷേപത്തിന്റെ കാര്യം ഓർമ്മിക്കുമ്പോൾ ആണ് ആകുലതകൾ വർദ്ധിക്കുക. അതിനാൽ നിക്ഷേപത്തിലൂടെയും ജീവിതത്തിലൂടെയും യേശുവിന് വിലപ്പെട്ടവരാകുക, ദൈവം എല്ലാ ആകുലതകളിൽ നിന്നും അകറ്റി നമ്മെ സംരക്ഷിക്കും.

മനുഷ്യന്റെ ആകുലതയുടെ മറ്റൊരു തലം ആയുസ്സിന്റെ ദൈർഘ്യം ആണ്. ഇത് വലിയ ഒരു കാര്യമായാണ് മനുഷ്യർ കരുതുന്നത്. ജീവിതത്തിന്റെ വിശുദ്ധിയുടെ തലത്തിൽ ആയുസ്സിന്റെ ദൈർഘ്യത്തിന് വലിയ പ്രാധാന്യം ഇല്ലെന്നുള്ളത് നമ്മുടെ അനുഭവമാണ്. വളരെ ചുരുങ്ങിയ വർഷങ്ങൾ ഭൂമിയിൽ ജീവിച്ച് സ്വർഗത്തിലേക്ക് പ്രവേശിച്ച ധാരാളം വിശുദ്ധർ നമുക്കുണ്ട്. വിശുദ്ധ കൊച്ചുത്രേസ്യ 24 വർഷത്തെ ഭൂമിയിലെ ജീവിതത്തിനുശേഷം അനുഗ്രഹങ്ങളുടെ റോസാപൂവ് വർഷിക്കാൻ സ്വർഗത്തിലേക്ക് പോയവളാണ്. അതിനാൽ ഭൂമിയിൽ വസിക്കുന്ന കാലദൈർഘ്യത്തെക്കുറിച്ച് ആകുലതകൾ ആവശ്യമില്ല.

യേശു പറയാൻ ഉദ്ദേശിക്കുന്ന വളരെ പ്രധാനപ്പെട്ട മറ്റൊരു തലം, കർത്താവാണ് എല്ലാവരെയും അണിയിക്കുന്നത്. നമ്മുടെ ജീവിതത്തിൽ ദൈവം നല്കിയ സൗന്ദര്യത്തിനു പുറമേ നാം നടത്തുന്ന അണിയിച്ചൊരുക്കലുകൾക്ക് നിലനില്പില്ല. കർത്താവ് നമ്മെ അണിയിച്ച് ഒരുക്കിയാൽ അതിന് നിലനില്പുണ്ട്. അത് സ്വർഗീയഭവനത്തിലേക്കുള്ള അണിയിച്ചൊരുക്കലാണ്. അതിനുവേണ്ട

സൗന്ദര്യ വർദ്ധന വസ്തുക്കൾ എന്താണെന്നും യേശു നമ്മെ പഠിപ്പിക്കുന്നുണ്ട്. അത് ദൈവരാജ്യം അന്വേഷിക്കൽ ആണ്. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് അനുസരിച്ചുള്ള ജീവിതമാണ്. സമ്പത്ത് വിറ്റ് ദാനം ചെയ്യുന്നതാണ്. നിക്ഷേപം സ്വർഗത്തിൽ സംഭരിക്കുന്നതാണ്. ഈയൊരു തലത്തിലേക്ക് നമ്മുടെ ജീവിതം മാറുന്നതിനനുസരിച്ച് നമ്മുടെ ജീവിതത്തിലെ ആകുലതകൾ ഇല്ലാതെയാകും. പണം ഒരിക്കലും ജീവിതത്തിന്റെ ആകുലതകൾ അകറ്റുന്നതിനുള്ള മാർഗമല്ലായെന്ന് നാം വാർത്തകളിൽ നിന്നും മനസ്സിലാക്കുന്നുണ്ട്. അതിനാൽ സ്വർഗത്തിൽ നിക്ഷേപമുള്ളവരായിരിക്കാൻ ശ്രദ്ധിക്കുക. അങ്ങനെ സംഭരിച്ചാൽ നമുക്കു ലഭിക്കുന്നത് എന്താണ് എന്നും യേശു തിരുവചനത്തിൽ പറയുകയാണ്. നിങ്ങൾക്ക് രാജ്യം നല്കാൻ പിതാവ് പ്രസാദിച്ചിരിക്കുന്നു.

ദൈവത്തിൽ നിന്നും രാജ്യം ലഭിക്കാൻ സാധിക്കുന്ന വിധത്തിൽ ദൈവം പ്രസാദിച്ച വ്യക്തിയാണ് ഞാൻ എന്നുള്ള ഒരു സ്വയം വിലയിരുത്തൽ ജീവിതത്തിൽ അനിവാര്യമാണ്. ആ വിലയിരുത്തൽ ആത്മാർത്ഥമായി ചെയ്താൽ ജീവിതത്തിൽ മാറ്റങ്ങൾ വരുത്താൻ നമുക്ക് സാധിക്കും. ദൈവം പ്രസാദിച്ച് രാജ്യം ലഭിച്ചവരാണ് സഭയിലെ വിശുദ്ധരായ വ്യക്തികൾ. ആ വിശുദ്ധരുടെ ഗണത്തിൽ അംഗമായിത്തീരാൻ വിളിക്കപ്പെട്ടവരാണ് നാം. ആ വിശുദ്ധരുടെ ഗണം രൂപപ്പെടുന്നത് കൗദാശികജീവിതത്തിലും മാതൃകാപരമായ ജീവിതത്തിലും നാം ദൈവത്തെ പ്രസാദിപ്പിക്കുമ്പോൾ ആണ്. അങ്ങനെ മാതൃകാപരമായ ഒരു സഭാജീവിതത്തിനുവേണ്ടി പ്രാർത്ഥിക്കാനും ജീവിക്കാനും കഴിയുന്നവരുടെ ഗണത്തെ യേശു വിളിക്കുന്നത് ചെറിയ അജഗണമേ എന്നാണ്. മഹാഭൂരിപക്ഷത്തിന്റെ തിന്മയുടെ തലത്തിൽ നിന്നും കർത്താവിന് പ്രസാദിച്ച ചെറിയ അജഗണത്തിന്റെ തലത്തിലേക്കുള്ള വളർച്ചയുടെ തലത്തിൽ ആകുലതകൾ ഇല്ല. ദൈവത്തിലുള്ള ആശ്രയമനോഭാവവും ദൈവത്തിന്റെ കരുതലിലുള്ള ജീവിതവും മാത്രമേ ഉള്ളൂ. അതിനുള്ള പരിശ്രമത്തിൽ നാം ഉപേക്ഷിക്കേണ്ടി വരുന്നത് നശിച്ചുപോകുന്ന ഭൂമിയിലെ നിക്ഷേപങ്ങൾ ആയിരിക്കാം. അതിനെ സന്തോഷപൂർവം ഉപേക്ഷിക്കുന്നവനെ കാത്തിരിക്കുന്നത് സ്വർഗരാജ്യത്തിലെ ഒടുങ്ങാത്ത നിക്ഷേപം ആണെന്നുള്ള കാര്യം നമുക്ക് മറക്കാതിരിക്കാം.